## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4728 — 21.10.2011-ൽ മറുപടിയ്ക്ക്

### കോളനി വൈദ്യുതീകരണത്തിനായി നടപടി.

**ചോദ്യം**
ശ്രീ. ചിറ്റയം ഗോപകുമാർ :

**ഉത്തരം**
ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

(എ) അടൂർ മണ്ഡലത്തിലുള്ള പട്ടികജാതി കോളനികളിലെ വൈദ്യുതീകരിച്ച വീടുകളുടെ എണ്ണം പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ;

(എ) അടൂർ മണ്ഡലത്തിലെ പട്ടികജാതി കോളനികളിലെ വൈദ്യുതീകരിച്ച വീടുകളുടെ എണ്ണം പഞ്ചായത്തടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | കൊടുമൺ ഗ്രാമപഞ്ചായത്ത് | 1005 എണ്ണം |
| 2. | ഏഴംകുളം ഗ്രാമപഞ്ചായത്ത് | 397 എണ്ണം |
| 3. | പള്ളിക്കൽ ഗ്രാമപഞ്ചായത്ത് | 1154 എണ്ണം |
| 4. | ഏറത്ത് ഗ്രാമപഞ്ചായത്ത് | 461 എണ്ണം |
| 5. | പന്തളം ഗ്രാമപഞ്ചായത്ത് | 1330 എണ്ണം |
| 6. | പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത് | 213 എണ്ണം |
| 7. | തുമ്പമൺ ഗ്രാമപഞ്ചായത്ത് | 191 എണ്ണം |
| 8. | കടമ്പനാട് ഗ്രാമപഞ്ചായത്ത് | 406 എണ്ണം |

(ബി) പ്രസ്തുത മണ്ഡലത്തിലെ പട്ടികജാതി കോളനികളിലെ വൈദ്യുതീകരിക്കാത്ത വീടുകളുടെ എണ്ണം പഞ്ചായത്തടിസ്ഥാനത്തിൽ കോളനികളുടെ പേര് സൂചിപ്പിച്ച് വ്യക്തമാക്കുമോ ;

(ബി) അടൂർ മണ്ഡലത്തിലെ പട്ടികജാതി കോളനികളിലെ വൈദ്യുതീകരിക്കാത്ത വീടുകളുടെ എണ്ണം (വയറിംഗ് നടത്തിയിട്ടില്ലാത്തതും, വൈദ്യുതി കണക്ഷൻ നൽകാൻ സുരക്ഷിതമല്ലാത്തതും ഉൾപ്പെടെയുള്ളത്) പട്ടികജാതി വികസന വകുപ്പിൽ നിന്ന് ലഭ്യമായതനുസരിച്ച് പഞ്ചായത്തടിസ്ഥാനത്തിൽ കോളനികളുടെ പേര് സഹിതമുള്ള പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) നിലവിൽ ഇത്തരം കോളനികളുടെ വൈദ്യുതീകരണത്തിനുള്ള പദ്ധതികളുടെ വിശദാംശം അറിയിക്കുമോ ?

(സി) പട്ടികജാതി കോളനികളുടെ വൈദ്യുതീകരണം സംസ്ഥാന സർക്കാരിന്റെ പൂൾഡ് / കോർപ്പസ് ഫണ്ട് ഉപയോഗിച്ച് ആണ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. കോളനി വൈദ്യുതീകരിക്കുന്നതിനാവശ്യമായ പദ്ധതി തയ്യാറാക്കി,

പ്രവർത്തന സമിതിയുടെ അംഗീകാരത്തോടുകൂടി പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ മുഖേന സംസ്ഥാനതല പ്രവർത്തനസമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതും പദ്ധതികൾ സംസ്ഥാനതല പ്രവർത്തനസമിതിയുടെ അംഗീകാരം ലഭിച്ചാലുടൻ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതുമാണ്.

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.